പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4846 — 05/02/2014- ൽ മറുപടിക്ക്

## കുളമ്പുരോഗത്തിനുള്ള പ്രതിരോധവാക്സിൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കന്നുകാലികൾക്കുള്ള കുളമ്പുരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കേരളത്തിൽ ഉപയോഗിക്കപ്പെട്ട വാക്സിനുകളെ സംബന്ധിച്ച് ഉണ്ടായ വിവാദങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതു കമ്പനിയുടെ വാക്സിനുകളാണ് ഇതിനുവേണ്ടി ഉപയോഗിച്ചത് എന്നു പറയാമോ; | (ബി) ദേശീയ ക്ഷീര വികസന ബോർഡിന്റെ സബ്സിഡിയറി യൂണിറ്റായ ഇൻഡ്യൻ ഇമ്യൂണോളോജിക്കൽസ് എന്ന കമ്പനിയുടെ വാക്സിനാണ് ഇതിനായി ഉപയോഗിച്ചത്. |
| (സി) ഇവ സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ കേരളത്തിലെ എല്ലാ മൃഗാശുപത്രികളിലും ഐ.സി.ഡി.പി. സബ്സെന്ററുകളിലും ഉണ്ടോ; | (സി) 14 ജില്ലകളിലും വാക്സിൻ സൂക്ഷിക്കുന്നതിനാവശ്യമായ വാക്-ഇൻ-കൂളർ (ശീതീകരണികൾ) ജനറേറ്റർ, തുടങ്ങിയ സംവിധാനങ്ങൾ നിലവിലുണ്ട്. പഞ്ചായത്ത് തലത്തിൽ വാക്സിൻ സൂക്ഷിക്കുന്നത് മൃഗാശുപത്രികളിലെ റഫ്രിജറേറ്ററുകളിലാണ്. |
| (ഡി) ഒരു ബോട്ടിൽ വാക്സിൻ എത്ര കന്നുകാലികളിലാണ് ഉപയോഗിക്കുന്നത് എന്നും എത്ര അളവിലാണ് ഉപയോഗിക്കുന്നത് എന്നും പറയാമോ; ഉപയോഗിച്ചതിന്റെ ബാക്കി വാക്സിനുകൾ കേടാകാതെ സൂക്ഷിക്കാനും വീണ്ടും ഉപയോഗിക്കാനും പറ്റുന്നവയാണോ; | (ഡി) ഒരു ബോട്ടിൽ വാക്സിൻ 50 കന്നുകാലികൾക്കാണ് ഉപയോഗിക്കുന്നത്. 2 എം.എൽ. വീതമാണ് ഉപയോഗിക്കുന്നത്. കുത്തിവയ്പ്പ് യജ്ഞത്തിന്റെ അവസാന ദിവസം ഉപയോഗിച്ചതിന്റെ ബാക്കി വാക്സിൻ വീണ്ടും ഉപയോഗിക്കാറില്ല. |

(ഇ) കന്നുകാലികളിൽ ഉപയോഗിക്കുന്ന പ്രതിരോധ വാക്സിനുകൾ കേരളത്തിലെ കന്നുകാലികളിൽ പരീക്ഷിച്ച് വിജയകരമാണെന്നു ബോധ്യമായതിനുശേഷമാണോ വ്യാപകമായി ഉപയോഗിക്കുന്നത് വിശദമാക്കുമോ?

(ഇ) വകുപ്പിന്റെ കീഴിലുള്ള കന്നുകാലിവളർത്തൽ ഫാമുകളിൽ വാക്സിൻ കുത്തിവച്ച് വാക്സിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് കർഷകരുടെ ഉരുക്കളിൽ കുത്തിവെയ്പ്പ് നടത്തുന്നത്.

സെക്ഷൻ ഓഫീസർ